LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലെ വൈദ്യുതി കുടിശ്ശിക

53 (7889) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വൈദ്യുതി വകുപ്പിലെ വിവിധ സെക്ഷൻ ഓഫീസുകളിൽ ദീർഘകാലമായി കുടിശ്ശിക കിട്ടാത്ത എത്ര കേസുകൾ ഉണ്ടെന്നത് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; പ്രസ്തുത നടപടികളുടെ ഭാഗമായി എത്ര ഇക ബോർഡ് പിരിച്ചെടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) കുടിശ്ശിക പിരിച്ചെടുക്കുവാൻ കണക്ഷനുകൾ വിച്ഛേദിക്കുകയും ഡിസ്കാന്റലിങ് നടത്തി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പ്രസ്തുത നടപടികളുടെ ഭാഗമായി 21,28,631 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

സോളാർ പാനലുകൾ വ്യാപകമാക്കുന്നതിന് സബ്സിഡി

54 (7890) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗം കണക്കിലെടുത്ത് ജലവൈദ്യുതി അല്ലാതെയുള്ള വൈദ്യുതി ഉല്പാദിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) കേരളത്തിൽ നസോളാർ പാനലുകൾ കൂടുതൽ വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) വൈദ്യുതോർജ്ജത്തിനായി സോളാർ പാനലുകളെ ആശ്രയിക്കുമ്പോൾ ഉപഭോക്താക്കൾക്ക് ആദ്യഘട്ടത്തിൽ മുടക്കേണ്ട വൻതുകയ്ക്ക് എന്തെങ്കിലും സബ്സിഡികൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ മുതൽമുടക്കിന്റെ എത്ര ശതമാനം സബ്സിഡിതുകയായി ഉപഭോക്താക്കൾക്ക് ലഭിക്കുമെന്നറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.